LIBRARY ARCHIVES Kerala Legislative Assembly

വിദേശ ഇന്ത്യക്കാർക്കായി സംസ്ഥാന പദ്ധതി

82 [3779] *ശ്രീ. വി. കെ. ചന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് വിദേശ ഇന്ത്യക്കാർക്കുവേണ്ടി പ്രമുഖ നഗരങ്ങളിൽ സിറ്റി വിത്തിൻ സിറ്റി എന്നൊരു പദ്ധതിക്ക് രൂപം നൽകിയ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതി നമ്മുടെ സംസ്ഥാനത്തും നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) & (സി) പദ്ധതിയുടെ വിശദാംശങ്ങൾ ഇനിയും തയ്യാറായിട്ടില്ല. ഈ പദ്ധതിക്കുവേണ്ടി എത്ര ഏക്കർ സ്ഥലം വേണം, അത് ഏറ്റെടുക്കുന്നതിനുള്ള ചെലവ് ആരു വഹിക്കും എന്നുള്ളതിനെക്കുറിച്ച് പൂർണ്ണ തീരുമാനങ്ങൾ കേന്ദ്ര സർക്കാർ കൈക്കൊള്ളുന്നമുറയ്ക്ക് വേണ്ട നടപടികൾ കേരള സർക്കാർ സ്വീകരിക്കുന്നതാണ്.

പ്രവാസി മലയാളി കോർപ്പറേഷൻ

83 [3780] *ശ്രീ. കെ. രാധാകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശങ്ങളിൽ ജോലിചെയ്യുന്ന എത്ര മലയാളികളുണ്ടെന്ന് സർക്കാർ കണക്കെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;

(സി) വിദേശത്തെ ജോലി മതിയാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്ത എത്ര മലയാളികളുണ്ടെന്ന് പറയാമോ;

(ഡി) വിദേശത്തുനിന്നും മടങ്ങിവരുന്ന മലയാളികളുടെ പുനരധിവാസത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഇ) പ്രവാസി മലയാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി ഒരു കോർപ്പറേഷൻ രൂപീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) സർക്കാരിന്റെ പക്കൽ വ്യക്തമായ കണക്ക് ലഭ്യമല്ല.

(ഡി) ഗൾഫ് രാജ്യങ്ങളിൽ നിന്നും തിരിച്ചുവരുന്നവർക്കായി പ്രവാസി കേരളീയ കാര്യവകുപ്പിന്റെ ഫീൽഡ് ഏജൻസിയായ 'റൂട്ട്സ്-എൻ. ആർ. കെ. ഡെവലപ്പ്മെന്റ് ഇനിഷേറ്റീവ്' വിവിധ ക്ഷേമ പുനരധിവാസ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഇവ ഇപ്രകാരമാണ്.

'സാന്ത്വന':—ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും തിരികെ എത്തിയവരുമായ പ്രവാസികളുടെ സഹായത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ മാതൃകയിൽ ഉള്ള സഹായ നിധിയാണ് 'സാന്ത്വന'. സർക്കാരിൽ നിന്നുള്ള ഫണ്ട് കൂടാതെ അന്താരാഷ്ട്ര സാമൂഹ്യ സംഘടനകൾ വിദേശ മലയാളി അസോസിയേഷനുകൾ എന്നിവയുടെ സഹായത്തോടെയാണ് ഈ സഹായനിധി ആരംഭിച്ചിട്ടുള്ളത്.

ധനകാര്യ നിക്ഷേപ സംരംഭകത്വ വികസന പദ്ധതികൾ :—സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രവാസികൾക്കായി ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക, സൂപ്പർ മാർക്കറ്റുകൾ, വിപണന ശൃംഖലകൾ എന്നിവ സ്ഥാപിക്കുക ഇടത്തരം നിക്ഷേപകർക്കാവശ്യമായ സംരംഭങ്ങൾ വിദഗ്ദ്ധരുടെ സഹായത്തോടെ രൂപവൽക്കരിക്കുകയും നടപ്പാക്കുകയും ചെയ്യുക എന്നിവയെല്ലാമാണ് ഉപഭോക്തൃ സംരംഭകത്വ വികസന പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ തുടക്കമായി തിരുവനന്തപുരം, കൊല്ലം ജില്ലകളിലായി പതിനഞ്ചോളം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. 'സോഫ്റ്റ്' എന്ന പേരിൽ ഉൽപ്പന്നങ്ങൾ 'റൂട്ട്സി'-ന്റെ സഹായത്താൽ വിപണനം ചെയ്തുവരുന്നു. ദോശ, ഇഡ്ഡലി, അപ്പം എന്നിവയ്ക്കുള്ള മാവ് ദിവസേന വെറ്റ് ഗ്രൈന്റർ ഉപയോഗിച്ച് ആട്ടി കവറുകളിലാക്കി അതാതു ദിവസംതന്നെ വിപണനം നടത്തുക എന്നതാണ് പ്രവർത്തനം. ജോലിതേടി

LIBRARY ARCHIVES Kerala Legislative Assembly

വിദേശത്തേക്ക് പോകുന്ന മലയാളി ആർജ്ജിക്കുന്ന അന്തർദേശീയബന്ധം, അനുഭവജ്ഞാനം, കാലോചിതമായി പരിഷ്ക്കരിക്കപ്പെട്ട തൊഴിൽ വൈദഗ്ദ്ധ്യം, മെച്ചപ്പെട്ട സമ്പാദ്യം എന്നീ അനുകൂല ഘടകങ്ങൾ ഏകീകരിച്ച് അവരുടെ പുനരധിവാസം ലക്ഷ്യമിടുന്ന പദ്ധതികളും 'റൂട്ട്സ്' ആവിഷ്ക്കരിച്ചിട്ടുണ്ട്.

(ഇ) ഇല്ല.

ഗൾഫ് രാജ്യങ്ങളിലെ തൊഴിലാളികൾ

84 [3781] *ശ്രീമതി ശോഭനാ ജോർജ്ജ്:*
ശ്രീ. എം. എ. വാഹീദ്:
,, *എ. സുജനപാൽ:*
,, *കെ. ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്ന് എത്ര പേർ ഗൾഫ് രാജ്യങ്ങളിൽ ഇപ്പോൾ തൊഴിൽ ചെയ്യുന്നുണ്ട്;

(ബി) പ്രതിവർഷം എത്രപേർ വീതം പ്രസ്തുത രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നുണ്ട്;

(സി) ഗൾഫ് രാജ്യങ്ങളിൽ ജോലിയിലേർപ്പെട്ടിട്ടുള്ളവർ പ്രതിവർഷം നാട്ടിലേക്ക് ഒട്ടാകെ എന്തു തുക അയയ്ക്കുന്നതായാണ് കണക്കാക്കുന്നത്;

(ഡി) ഗൾഫിൽ ജോലി ചെയ്യുന്നവരുടെ ബന്ധുക്കളെ സഹായിക്കാൻ എന്തെല്ലാം പരിപാടികളുണ്ട്?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 2003-2004-ൽ 18,465 കോടി രൂപ വിദേശ രാജ്യങ്ങളിൽ നിന്നും കേരളത്തിലേക്ക് വന്നതായും ഇതിൽ ഏകദേശം 91.5 ശതമാനം തുക ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ളതാണെന്നും സെന്റർ ഫോർ ഡവലപ്പ്മെന്റ് സ്റ്റഡീസ് നടത്തിയ പഠനത്തിൽ വെളിവായിട്ടുള്ളതായി റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്.

(ഡി) ഗൾഫിൽ ജോലി ചെയ്യുന്നവരുടെ നാട്ടിലുള്ള ബന്ധുക്കളുടെ പരാതിയിൻമേൽ സർക്കാർ സത്വര നടപടി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly